LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

213 (2313) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന് വിഭാവനം ചെയ്തതു പ്രകാരം സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന 133 സ്ഥാപനങ്ങൾക്കും കായിക യുവജനകാര്യ ഡയറക്ടർ മുഖേന 144 സ്ഥാപനങ്ങൾക്കും കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ധനസഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കൊല്ലം-പുനലൂർ റെയിൽ റൂട്ടിലെ അടിസ്ഥാന സൗകര്യങ്ങൾ

214 (2314) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊല്ലം-പുനലൂർ റെയിൽറൂട്ടിൽ ആവശ്യമായ അടിസ്ഥാന സൗകര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റെയിൽവേ അധികാരികളെ അടിയന്തരമായി അറിയിച്ച് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റെയിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജ്

215 (2315) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജിന്റെ റെയിൽവേ ലൈനിന് മുന്നിലുള്ള സ്പാനിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഗതാഗതത്തിനായി എന്ന് തുറന്നു കൊടുക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) റെയിൽവേ ട്രാക്കിന്റെ മുകളിലുള്ള സ്പാനിന്റെ ഫൗണ്ടേഷന്റെയും കാലുകളുടേയും ഡ്രോയിംഗിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. റെയിൽവേ ട്രാക്കിനു മുകളിലുള്ള ബീം. സ്ലാബ് എന്നിവയുടെ ഡ്രോയിംഗിന് അംഗീകാരം കിട്ടിയിട്ടില്ല.

(ബി) 2011 മാർച്ച് 31 ന് പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത സ്ഥലമെടുപ്പ് പൂർത്തീകരിക്കാൻ നടപടി

216 (2316) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഗുരുവായൂർ-തിരുനാവായ റെയിൽപ്പാതയ്ക്കുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ ;

(ബി) കഴിവതും വേഗത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈനിന്റെ തൃശ്ശൂർ ജില്ലയിലെ സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്. 12-5-2010 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. കേന്ദ്ര റെയിൽവേ സഹമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളുടെ യോഗത്തിൽ ഗുരുവായൂർ-താനൂർ ഗുരുവായൂർ താനൂർ (കനോലി കനാലിന് സമാന്തരം) ഈ രണ്ട് പാതയെ അപേക്ഷിച്ച് ഗുരുവായൂർ-തിരുനാവായ പാതയിൽ ജനസാന്ദ്രത കുറവും മാറ്റി പാർപ്പിക്കൽ കുറവുമാണെന്ന

LIBRARY ARCHIVES Kerala Legislative Assembly